**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1767 — 18.06.2012-ൽ മറുപടിയ്ക്ക്

**പോലീസ് സ്റ്റേഷനുകളിലെ ഹെൽപ്പ് ഡെസ്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി. എൻ. പ്രതാപൻ<br>ശ്രീ.വി. പി. സജീന്ദ്രൻ<br>ശ്രീ.സി. പി. മുഹമ്മദ്<br>ശ്രീ.പി. എ. മാധവൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മുതിർന്ന പൗരന്മാരുടെ പരാതികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | 2011-12 സാമ്പത്തിക വർഷത്തിൽ 230 പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. 10 ജില്ലകളിൽ പോലീസ് കൺട്രോൾ റൂമുകളുമായി ചേർന്ന് ഹെൽപ്പ് ലൈനുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി പോലീസ് സ്റ്റേഷനുകളിൽ ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | 230 പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിന്റെ പ്രവർത്തന രീതി വ്യക്തമാക്കുമോ; | (സി) | മുതിർന്ന പൗരന്മാരുടെ ക്ഷേമ കാര്യങ്ങൾക്കും മറ്റുമായി ക്രമീകരിച്ച ഹെൽപ്പ് ഡെസ്കിന്റെ സഹായം തേടിവരുന്ന മുതിർന്ന പൗരന്മാരുടെ പരാതികളും ഫോൺകോളുകളും അതീവ പ്രാധാന്യത്തോടുകൂടി കൈകാര്യം ചെയ്യുകയും, പരാതിയിൽ വളരെ വേഗം തന്നെ പരിഹാരം കാണുവാൻ നടപടി സ്വീകരിച്ച് വരികയാണ്. കൂടാതെ മുതിർന്ന പൗരന്മാർ മാത്രം താമസിച്ചു വരുന്ന വീടുകളിൽ പട്ടാബുക്കുകൾ നൽകിയിട്ടുള്ളതും ജനമൈത്രി പോലീസിന്റെ സേവനം ലഭ്യമാക്കി പോലീസ് പട്രോളിംഗും ശക്തിപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ച് ഒരു പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സ്റ്റേഷനുകളിൽ സൂക്ഷിച്ചു വരുന്നു. മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സുരക്ഷാപരമായ നിർദ്ദേശങ്ങൾ ലഘു ലേഖകളിലൂടെയും മറ്റും ഹെൽപ്പ് ഡെസ്കിൽ നിന്നും നൽകി വരുന്നു. |
| (ഡി) | ആവശ്യമുള്ള സ്ഥലങ്ങളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | 300 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.